(2) വടകരയിലെ ടൂറിസത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ നടപടി

ശ്രീ. സി. കെ. നാണു : സർ, മലബാറിലെ പ്രശസ്തമായ ലോകനാർ കാവ് ക്ഷേത്രം, തച്ചോളി ഒതേനനെപ്പോലെയുള്ള അന്നത്തെ യോദ്ധാക്കൾ ആരാധിച്ചിരുന്ന പ്രധാന ക്ഷേത്രങ്ങളിൽ ഒന്നാണ്. ഒതേനന്റെ ജന്മസ്ഥലമായ തച്ചോളി മാണിക്കോത്ത് ക്ഷേത്രം, സ്വാമി ശിവാനന്ദപരമഹംസൻ സ്ഥാപിച്ച സിദ്ധസമാജം. ഈ ആശ്രമത്തിന്റെ ലോകത്തിന്റെതന്നെ ഹെഡ്ക്വാർട്ടേഴ്സാണ് വടകരയിലെ സിദ്ധസമാജം കാർത്തികയ്ക്ക് ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽനിന്നും ശിവാനന്ദ വിശ്വാസികൾ വന്നുചേരുമ്പോൾ വലിയ ആഘോഷമാണ്. ലോകനാർ കാവിനടുത്ത് മുത്തപ്പൻക്ഷേത്രത്തിനടുത്തുള്ള മനോഹരമായ കാഴ്ചയും ടൂറിസ്റ്റുകൾ സ്ഥിരമായി വരുന്നതുമായ പൈങ്കുനിമല. അവിടെ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സഹായത്തോടെ വിവിധ പരിപാടികൾ വർഷങ്ങളായി നടത്തിവരികയാണ്. അതുപോലെ ബ്രിട്ടീഷ് ഭരണകാലത്ത് ടൂറിസ്റ്റുകൾ സ്ഥിരമായി—കോവളത്തു വരുന്നതു പോലെ—ഇവിടെ വന്നിരുന്നു. സാൻഡ് ബാങ്ക്സും ബ്രിട്ടീഷുകാർ നിർമ്മിച്ച കെട്ടിടവും ഉണ്ട്. ഇപ്പോൾ അത് ബിർളാ മാനേജുമെന്റിന്റെ ഉടമസ്ഥതയിലാണെങ്കിലും അതിനു സമീപത്ത് ഗവണ്മെന്റിന്റെ റവന്യൂ ലാൻഡുണ്ട്. ഇതെല്ലാം ചേർത്തുകൊണ്ട് വടകരയിൽ ടൂറിസം വികസനമെന്ന പേരിൽ ഉപയോഗിക്കാൻ സാധിക്കും. ലോകനാർകാവ് ക്ഷേത്രത്തിൽ വരുന്നവർക്ക് താമസിക്കാൻ തക്കവിധത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി ലോകനാർകാവ് ക്ഷേത്രത്തിന്റെ ട്രസ്റ്റിമാർ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിട്ടുണ്ട്. അതുപോലെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പൈങ്കുനിമലയിൽ നല്ല ഒരു റോഡ് വെട്ടാൻ 10 ലക്ഷം രൂപ അനുവദിച്ചെങ്കിലും സെക്രട്ടറി ലെവലിൽ അതിന്റെ ആവശ്യം ഇല്ലെന്നു പറഞ്ഞതുകൊണ്ട് അംഗീകരിച്ചില്ല. സ്ഥിരമായി ആളുകൾ വരുന്ന സ്ഥലമാണ്. സെക്രട്ടറി നിലവാരത്തിൽ അങ്ങനെ ഒരു നടപടി വന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് അത് പറയേണ്ട കാര്യമില്ല. തീരദേശ ടൂറിസം മെച്ചപ്പെടുത്തുന്ന അവസരത്തിൽ കുഞ്ഞാലിമരയ്ക്കാരുടെ കോട്ടയ്ക്കലും സാൻഡ് ബാങ്ക്സും ഉൾപ്പെടുത്തി നല്ല രീതിയിൽ ഉപയോഗിക്കുന്നതിനുവേണ്ടി ഗൗരവമായി പരിശോധിക്കണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി വേണുഗോപാൽ) : സർ, ടൂറിസം വികസനത്തിനു സാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി അനുയോജ്യമായ ടൂറിസം വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. ഇത്തരം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തീർത്ഥാടന കേന്ദ്രങ്ങളിലെ ടൂറിസം വികസനത്തിനും പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്കും പരിസരം മോടിപിടിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വടകരയിലെ പൈങ്കുനിമല, ലോകനാർകാവ് ക്ഷേത്രം എന്നിവയുടെ വികസനത്തിന് കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പദ്ധതി തയ്യാറാക്കിയിരുന്നു. ആ പദ്ധതി തീർത്തും അപൂർണ്ണമായിരുന്നു. അത് ഫലപ്രദമായ പദ്ധതി അല്ലായെന്ന തോന്നലിന്റെ വെളിച്ചത്തിൽ വീണ്ടും വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി തരാൻ ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ റിപ്പോർട്ടിനായി വെയ്റ്റ് ചെയ്യുകയാണ്. റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ അത് ചെയ്യാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ റോഡിന്റെ കാര്യത്തിലും എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച് അതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഭൂതത്താൻകെട്ട് പ്രദേശത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് തയ്യാറാക്കിയ പ്രോജക്ട്

ശ്രീ. വി. ജെ. പൗലോസ് : സർ, നിബിഡ വനങ്ങളുടെ സാമീപ്യവും വിശേഷപ്പെട്ട ഇനം പക്ഷികളുടെ സങ്കേതവും എപ്പോഴും നിറഞ്ഞുനിൽക്കുന്ന ജലസംഭരണിയും തടാകങ്ങളും മനോഹരമായ ഉദ്യാനവും മറ്റും സഞ്ചാരികളെ അധികം ആകർഷിച്ച് കഴിഞ്ഞിട്ടുള്ളതും നിത്യേന വളരെയധികം ടൂറിസ്റ്റുകൾ വന്നുപോയ്ക്കൊണ്ടിരിക്കുന്നതുമായ ടൂറിസ്റ്റ് കേന്ദ്രമാണ് ഭൂതത്താൻകെട്ട്. ഈ കേന്ദ്രം വികസിപ്പിക്കുന്നതിനും സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ മുൻകൈ എടുത്ത് തയ്യാറാക്കിയ പ്രോജക്ടിന്റെ പണി ഒന്നാംഘട്ടം പൂർത്തിയാക്കുകയും അതിനെത്തുടർന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റു വക സ്ഥലം ഉപയുക്തമാക്കുന്നതിന് ജലവിഭവ വകുപ്പുമന്ത്രി സ്വീകരിച്ച നടപടികളും അഭിനന്ദനാർഹമാണ്. അവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനും മറ്റ് വിനോദപരിപാടികളിൽ ഏർപ്പെടുന്നതിനുമുള്ള സൗകര്യങ്ങൾ പരിഗണിച്ച് അടുത്ത ഘട്ടം വികസിപ്പിക്കണമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശാനുസരണം തയ്യാറാക്കിയിട്ടുള്ള ആറ് കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയാണ്. മഹാനഗരമായി വളർന്നു വികസിക്കുകയും നഗര ജീവിതത്തിന്റെ ശ്വാസംമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കൊച്ചിയിൽ വരുന്നവർക്ക് ഒരു മണിക്കൂർകൊണ്ട് വാഹനത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ആഭ്യന്തര ടൂറിസ വികസനത്തിന്റെ ഭാഗമായി ഭൂതത്താൻകെട്ട് വികസനത്തിന്റെ കാര്യം പ്രത്യേകമായി പരിഗണിച്ച് സർക്കാരിന്റെ മുമ്പിലുള്ള പദ്ധതികൾക്ക് അംഗീകാരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ടൂറിസവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, എറണാകുളം ജില്ലയിലെ ടൂറിസം വികസനത്തിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട പ്രദേശമാണ് ഭൂതത്താൻകെട്ട്. നിബിഡവനങ്ങളുടെ സാന്നിദ്ധ്യവും സമൃദ്ധമായ ജലാശയങ്ങളും മനോഹരമായ ഭൂപ്രകൃതിയും പക്ഷിസങ്കേതവും വിദേശ-തദ്ദേശീയ ടൂറിസ്റ്റുകളെ അവിടേക്ക് വളരെയെറെ ആകർഷിച്ചുവരുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഈ പ്രദേശത്തിന്റെ ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് 45 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. കഴിഞ്ഞ ദിവസം അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുകയുണ്ടായി. ഈ പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ മറ്റൊരു പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രാഥമിക പഠനം നടത്തിക്കഴിഞ്ഞു. പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അനുമതി കിട്ടുന്ന മുറയ്ക്ക് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly